LIBRARY ARCHIVES Kerala Legislative Assembly

അപകടമരണം സംഭവിച്ചവരുടെ ആശ്രിതർക്കുള്ള ധനസഹായം

57 (62) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അപകടമരണം സംഭവിച്ചവരുടെ ആശ്രിതർക്കുള്ള ധനസഹായം ലഭിക്കുന്നതിന് നാട്ടിക നിയോജക മണ്ഡലത്തിൽനിന്ന് എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്ര അപേക്ഷകർക്ക് ധനസഹായം അനുവദിച്ചുവെന്നും അറിയിക്കുമോ ;

(ബി) പ്രസ്തുത അപേക്ഷകൾ തീർപ്പാക്കി ആകെ എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) കണക്കുകൾ ലഭ്യമല്ലെങ്കിൽ എപ്പോൾ ലഭ്യമാക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ-സി) മണ്ഡലം തിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിക്കാറില്ല.

ദുരിതാശ്വാസനിധിയിൽനിന്നുള്ള ധനസഹായം

58 (63) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും നാട്ടിക നിയോജകമണ്ഡലത്തിലെ എത്ര അപേക്ഷകർക്ക് ധനസഹായം അനുവദിച്ചു എന്ന് അറിയിക്കുമോ ;

(ബി) എത്ര തുകയുടെ ആകെ സഹായം നൽകിയെന്ന് വ്യക്തമാക്കുമോ ;

(സി) കണക്കുകൾ ലഭ്യമല്ലെങ്കിൽ, പ്രസ്തുത കണക്കെടുപ്പ് നടത്തി എത്രയും വേഗം വിശദാംശങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) മണ്ഡലം തിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിക്കാറില്ല.